## അളവുതൂക്ക പരിശോധനകളുടെ കൃത്യത ഉറപ്പാക്കാൻ നടപടി

തിരുവനന്തപുരം

അളവുതൂക്ക പരിശോധനകളുടെ കൃത്യത ഉറപ്പാക്കുന്ന ആധുനിക ഉപകരണങ്ങൾ ലീഗൽ മെട്രോളജിവകുപ്പിൽ ലഭ്യമാക്കിയതായി മന്ത്രി ജി ആർ അനിൽ. ലീഗൽ മെട്രോളജി ഓപ്പറേറ്റിങ് മാനേജ്മെന്റ് സിസ്റ്റം (എൽഎംഒഎംഎസ്) സോഫ്റ്റ്വെയറിന്റെയും നവീകരിച്ച സുതാര്യം മൊബൈൽ ആപ്പിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ലീഗൽ മെട്രോളജിവകുപ്പിൽ ലഭ്യമാക്കിയ ആധുനിക ഉപകരണങ്ങൾ ഉദ്യോഗസ്ഥർ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. അളവുതൂക്ക പരിശോധനയുടെ നടപടിക്രമങ്ങൾ ഓൺലൈൻ വഴിയാക്കുന്ന സംവിധാനമാണ് എൽഎംഒഎംഎസ് പോർട്ടൽ. 3.94 ലക്ഷം രൂപ ചെലവിൽ നവീകരിച്ച സുതാര്യം ആപ് വഴി അളവുതൂക്ക പരിശോധനസംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകാം. ചടങ്ങിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി.

## പ്രവാസിമിത്രം പോർട്ടൽ തുറന്നു

പ്രവാസിമിത്രം പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്യുന്നു. സ്പീക്കർ എ എൻ ഷംസീർ, മേയർ ആര്യ രാജേന്ദ്രൻ, മന്ത്രിമാരായ ആന്റണി രാജു, വി ശിവൻകുട്ടി, കെ രാജൻ, ജി ആർ അനിൽ തുടങ്ങിയവർ സമീപം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പ്രവാസികൾക്ക് ലോകത്ത് ഏതു കോണിലിരുന്നാലും റവന്യു, രജിസ്ട്രേഷൻ വകുപ്പുകളുടെ വേസനം ലഭ്യമാകുന്ന പ്രവാസിമിത്രം പോർട്ടൽ തുറന്നു. റവന്യുവകുപ്പിന്റെ പ്രവാസിസെല്ലും പ്രവർത്തനം ആരംഭിച്ചു. രണ്ട് പദ്ധതിയും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

പ്രവാസി മലയാളിക്ക് ഇമെയിൽ ഐഡി ഉപയോഗിച്ച് പ്രവാസിമിത്രം വെബ് പോർട്ടൽ വഴി മുമ്പ് സമർപ്പിച്ച പരാതിയിലോ അപേക്ഷയിലോ റവന്യു ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടി അറിയാനാകും. പോർട്ടലിൽ ലഭിക്കുന്ന പരാതിയും അപേക്ഷയും കൈകാര്യം ചെയ്യാൻ ജില്ല, സംസ്ഥാന തലത്തിൽ റവന്യു വകുപ്പ് പ്രവാസിമിത്രം സെൽ പ്രവർത്തിക്കും. ജില്ലാതലത്തിൽ റവന്യു റിക്കവറി ഡെപ്യൂട്ടി കലക്ടറും സംസ്ഥാനതലത്തിൽ ലാൻഡ് റവന്യു അസിസ്റ്റന്റ് കമീഷണറും (റവന്യു റിക്കവറി) സെല്ലിന്റെ നോഡൽ ഓഫീസറാകും. http://pravasimithram.kerala.gov.in വഴി സമർപ്പിക്കുന്ന അപേക്ഷയിലും പരാതിയിലും ബന്ധപ്പെട്ട ജില്ലാ നോഡൽ ഓഫീസർ അല്ലെങ്കിൽ സംസ്ഥാനതല നോഡൽ ഓഫീസർ നടപടി പൂർത്തിയാക്കി മറുപടി ലഭ്യമാക്കും.

കഴിഞ്ഞ ലോക കേരള സഭയിൽ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിൽ ഇത്തരമൊരു സെൽ ആരംഭിക്കുമെന്ന വാഗ്ദാനമാണ് നടപ്പായതെന്ന് അധ്യക്ഷനായ മന്ത്രി കെ രാജൻ പറഞ്ഞു. സ്പീക്കർ എ എൻ ഷംസീർ, മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, ആന്റണി രാജു, ചീഫ് സെക്രട്ടറി ഡോ. വി പി ജോയ്, മേയർ ആര്യ രാജേന്ദ്രൻ, ഇ ടി ടൈസൺ, തോമസ് കെ തോമസ്, പി ശ്രീരാമകൃഷ്ണൻ, കെ വി അബ്ദുൾ ഖാദർ, ജെ ജെ മേനോൻ, ടിങ്കു ബിസ്വാൾ, ഡോ. കെ വാസുകി, ടി വി അനുപമ, എസ് സാംബശിവറാവു, ബി അബ്ദുൾ നാസർ, ജെറോമിക് ജോർജ്, അർജുൻ പാണ്ഡ്യൻ, കെ ഹരികൃഷ്ണൻ നമ്പൂതിരി, ഗഫൂർ പി ലില്ലി, എ സുലൈമാൻ, ദിനേഷ് കുമാർ, ഹനീഫ മുനിയൂർ, ജോർജ് എബ്രഹാം, കുഞ്ഞാവൂട്ടി എ ഖാദർ, പി കെ കബീർ, ജഹാംഗീർ അബ്ദുൾ ഖാദർ, എസ് സാബു എന്നിവർ സംസാരിച്ചു.

## ഓർമക്കുന്നോടിക്കേറുന്നു സഭാചരിത്രം

സുജിത് ബേബി

തിരുവനന്തപുരം

മഷിക്കുപ്പിയും പേനയും കടലാസുമെല്ലാം സൂക്ഷിക്കാൻ അറയുള്ള തടിമേശ, മേൽക്കൂരയിൽനിന്ന് പത്തടി താഴേയ്ക്ക് നീളുന്ന ഫാനുകൾ, ഓരോ ഇരിപ്പിടത്തിനും മുന്നിൽ ഇരുമ്പുകമ്പിയിൽ മൈക്ക്. കേരള നിയമസഭാമന്ദിരം കാൽനൂറ്റാണ്ടിന്റെ പ്രൗഢിയിലേക്ക് തലയുയർത്തുമ്പോൾ സഭാചരിത്രം ഓർമകൾ ഐക്യകേരളത്തിനും പിന്നിലേക്ക് തിരിഞ്ഞുനടക്കുന്നു.

ഐക്യകേരളത്തിനും മുമ്പേ തുടങ്ങുന്നതാണ് കേരളത്തിന്റെ നിയമസഭാ ചരിത്രം. ദിവാൻ ടി രാമറാവുവിന്റെ ഭരണകാലത്ത് 1888 ആഗസ്ത് 23ന് അദ്ദേഹത്തിന്റെ ഓഫീസ് ചേംബറിലായിരുന്നു ആദ്യസഭ സമ്മേളിച്ചത്. അയ്യങ്കാളി ഹാളാ (അന്ന് വിജെടി ഹാൾ)യിരുന്നു ആദ്യ അസംബ്ലി മന്ദിരം.1904 ഒക്ടോബർ 22ന് ശ്രീമൂലം പ്രജാസഭയുടെ ആദ്യ സമ്മേളനം ചേർന്നത് വിജെടി ഹാളിലായിരുന്നു. ശ്രീമൂലം സഭയുടെയും ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിന്റെയും സംയുക്ത സമ്മേളനം ഇവിടെ നടന്നത് 1938ൽ.

സൗകര്യപ്രദമായ സ്ഥലം വേണമെന്ന് തീരുമാനിച്ചതോടെയാണ് 1939 ഫെബ്രുവരി 28ന് സെക്രട്ടറിയറ്റിലെ ഹാളിലേക്ക് സഭാസമ്മേളനം മാറിയത്. ശ്രീമൂലം അസംബ്ലിക്കും ശ്രീ ചിത്രാ സ്റ്റേറ്റ് കൗൺസിലിനും തിരുവിതാംകൂർ നിയമസഭയ്ക്കും തിരുക്കൊച്ചി നിയമസഭയ്ക്കും ശേഷം ഐക്യകേരളം രൂപമെടുത്തപ്പോഴും ഇവിടം സഭാവേദിയായി. നവകേരളത്തിന് നാന്ദി കുറിച്ച് ആദ്യ ഇഎംഎസ് മന്ത്രിസഭ അധികാരമേറ്റതിനും ഈ ഹാൾ സാക്ഷിയായി. കേരള നിയമസഭയുടെ ആദ്യ അംഗസംഖ്യ 126 ആയിരുന്നു. പിന്നീടത് 133ഉം 140ഉം ആയി ഉയർന്നപ്പോഴും വേദി മാറിയില്ല.

1979ലാണ് പുതിയ നിയമസഭാ മന്ദിരത്തിന് തറക്കല്ലിട്ടത്. 1986ൽ നിർമാണമാരംഭിച്ചു. കേരളപ്പിറവിക്കുശേഷം 41 വർഷം സമ്മേളിച്ച ഹാളിൽനിന്ന് 1998 മെയ് 22ന് നിയമസഭ പാളയത്തേക്ക് പടിയിറങ്ങി.

ഇഎംഎസ് മന്ത്രിസഭയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ച് 2017ൽ ഒരിക്കൽക്കൂടി ഇവിടെ നിയമസഭ ചേർന്നിരുന്നു. 25 വർഷം മുമ്പ് സഭാംഗങ്ങളായിരുന്നവരുടെ പേരുകളെഴുതിയ സീറ്റുകളും 35 പേർക്കിരിക്കാൻ പാകത്തിലുള്ള പ്രസ്ഗാലറിയുമെല്ലാം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രാന്വേഷകരെ കൈപിടിച്ചുനടത്തും.

## വർണപ്പൊലിമയിൽ സുവർണ ജൂബിലി സമ്മേളനത്തിന് സമാപനം

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളന സമാപനത്തോടനുബന്ധിച്ചുള്ള പ്രകടനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ആയിരങ്ങൾ അണിനിരന്ന പ്രകടനത്തോടെ കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന് സമാപനം. വാദ്യമേളങ്ങളുടെയും കലാരൂപങ്ങളുടെയും അകമ്പടിയിൽ സെക്രട്ടറിയറ്റ് പരിസരത്ത് നിന്നാരംഭിച്ച പ്രകടനത്തിൽ ആയിരങ്ങൾ പങ്കാളികളായി.

സമ്മേളന നഗരിയായ എ കെ ജി ഹാളിൽ നടന്ന പൊതുയോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ പ്രസിഡന്റ് പി ഹണി അധ്യക്ഷനായി. വി ജോയി എംഎൽഎ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, എൻ ജിഒ യൂണിയൻ ജനറൽ സെക്രട്ടറി എം എ അജിത്കുമാർ, കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ, കെജിഒഎ ജനറൽ സെക്രട്ടറി എസ് ആർ മോഹനചന്ദ്രൻ, കെഎൽഎസ്എസ്എ ജനറൽ സെക്രട്ടറി എസ് സതികുമാർ, കെഎസ്ഇഎ ജനറൽ സെക്രട്ടറി കെ എൻ അശോക് കുമാർ എന്നിവർ സംസാരിച്ചു. സംഘടനയുടെ ചരിത്രം പറയുന്ന 'സുവർണത്താളുകൾ' വി ജോയി എംഎൽഎയ്ക്ക് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. സംഘടനാ പ്രസിഡന്റ് പി ഹണിയെ മുഖ്യമന്ത്രി ആദരിച്ചു. പുവത്തൂർ ചിത്രസേനനെയും സമ്മേളനത്തിൽ ആദരിച്ചു. കുടുംബസംഗമം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. സുരേന്ദ്രൻ സാഹിത്യ പുരസ്കാരം മന്ത്രി സമ്മാനിച്ചു.

പൊതുസമ്മേളനത്തിന് മുന്നോടിയായി രചന ഗായകസംഘം സ്വാഗതഗാനം അവതരിപ്പിച്ചു. രചന നാടക വേദിയുടെ നാടകവും ഷിയോൺ സജി അവതരിപ്പിച്ച മ്യൂസിക് ലൈവും കണ്ണൂർ ബീറ്റ്സ് അവതരിപ്പിച്ച ഗാനമേളയും അരങ്ങേറി.

## ജനം പരമാധികാരി, സേവനം അതിവേഗത്തിലാകണം: മുഖ്യമന്ത്രി

തിരുവനന്തപുരം

കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന്റെ പൊതുയോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

ജനങ്ങളാണ് പരമാധികാരികളെന്നും അവർക്കാവശ്യമായ സേവനങ്ങൾ വേഗത്തിൽ ചെയ്തുനൽകാൻ ജീവനക്കാർക്ക് സാധിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സെക്രട്ടറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സുവർണ ജൂബിലി സമ്മേളനത്തിന്റെ പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണനടപടികൾ അതിവേഗത്തിലാക്കേണ്ടത് പ്രധാനമാണ്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന പൊതുബോധം ജീവനക്കാരിലുണ്ടായി. ഫയൽ തീർപ്പാക്കലിൽ നല്ല പുരോഗതിയുണ്ട്. ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് നല്ല ഫലമുണ്ടായി. സെക്രട്ടറിയറ്റിലെ അവസ്ഥ പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തൽ വരുത്തണം.

900 സേവനം ഓൺലൈനായി. 600 എണ്ണം ആപ്പ് വഴിയുമായി. പൂർണമായി ഓൺലൈനിലേക്ക് മാറുന്നതോടെ സേവനങ്ങൾ സുതാര്യമാകും. അതിദാരിദ്ര്യമില്ലാതാക്കാൻ വകുപ്പുകൾ മുന്നിട്ടിറങ്ങണം. അടുത്ത രണ്ട് വർഷങ്ങളിലെ നവംബർ ഒന്നിനും കണക്കെടുപ്പുണ്ടാകും. 2025ലെ കേരളപ്പിറവിക്ക് അതിദരിദ്ര കുടുംബങ്ങളില്ലാത്ത സംസ്ഥാനമായി മാറാൻ സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കാൻ ചുമതലപ്പെട്ടവർ രാജ്യത്ത് അതിന് ഭീഷണി ഉയർത്തുകയാണ്. പാഠപുസ്തകങ്ങളിൽനിന്ന് ഗാന്ധി വധം ഒഴിവാക്കുന്നു. ഗോഡ്സെയുടെ സംഘപരിവാർ ബന്ധവും ആർഎസ്എസ് നിരോധിച്ചതടക്കമുള്ള ചോദ്യങ്ങളും ഉയരുമെന്നതാണ് കാരണം. ബ്രിട്ടിഷുകാരുടെ പാദസേവകരായി നിന്നോളാമെന്ന് മാപ്പെഴുതിയ സവർക്കറെ വീർസവർക്കറാക്കാനുള്ള ശ്രമമാണിപ്പോൾ. കേരളത്തിലെ പാഠപുസ്തകങ്ങളിൽ ഈ ചരിത്രമുണ്ടാകും. പൗരത്വ നിയമത്തിന്റെ കാര്യത്തിലും ഇതേ നിലപാട് കേരളം സ്വീകരിച്ചു. കഴിഞ്ഞ ഏഴുവർഷത്തിനിടെ സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം പേർക്ക് പിഎസ്സി നിയമനം നൽകി. ഇതുതന്നെ നിയമനം യുപിഎസ്സിക്ക് പോലും നടത്താനായിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങൾക്ക് സമാപനം

കുടുംബശ്രീദിന പ്രഖ്യാപനവും രജതജൂബിലി ആഘോഷങ്ങളുടെ സമാപനവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം

മൂന്നു ദിവസമായി തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തെ ആവേശത്തിലാക്കിയ കുടുംബശ്രീ രജതജൂബിലി ചടങ്ങുകൾക്ക് ബുധനാഴ്ച സമാപനം. കുടുംബശ്രീദിന പ്രഖ്യാപനവും സമാപന സമ്മേളനവും കുടുംബശ്രീ റേഡിയോ ആയ 'റേഡിയോ ശ്രീ'യുടെ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി.

തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി ഏഴ് സമകാലിക വിഷയങ്ങളിൽ പാനൽ ചർച്ച നടത്തി. ദേശീയതലത്തിൽനിന്നടക്കം പ്രമുഖരായ വനിതകൾ ചർച്ചകളുടെ ഭാഗമായി. ബുധൻ വൈകിട്ട് നടന്ന മഹാസമ്മേളനത്തിൽ പതിനായിരക്കണക്കിന് കുടുംബശ്രീ പ്രവർത്തകരാണ് പങ്കാളികളായത്. കുടുംബശ്രീയുടെ പുതുക്കിയ ലോഗോ പ്രതിപക്ഷ നേതാവ് വി ഡി സതീശനും 25–ാം വാർഷികത്തോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പോസ്റ്റൽ കവർ മന്ത്രി ആന്റണി രാജുവും 'നിലാവ് പൂക്കുന്ന വഴികൾ' പുസ്തകം മന്ത്രി വി ശിവൻകുട്ടിയും കുടുംബശ്രീ മുദ്രാഗീതം മന്ത്രി ജി ആർ അനിലും പ്രകാശിപ്പിച്ചു.

സംസ്ഥാനത്തെ മികച്ച സിഡിഎസിനുള്ള പുരസ്കാരം ആലപ്പുഴ കഞ്ഞിക്കുഴി സിഡിഎസിനും നഗരസഭ ഒപ്പം ക്യാമ്പയിനിൽ ഒന്നാമതെത്തിയ കോഴിക്കോട് കോർപറേഷനുമുള്ള പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിച്ചു. പുതിയ ലോഗോ ഒരുക്കിയ ദേശാഭിമാനി ഇൻഫോഗ്രാഫിക് ഡിസൈനർ എസ് നിതിൻ മന്ത്രി എം ബി രാജേഷിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി. വിവിധ പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കിയ സിഡിഎസുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ എന്നിവർക്കുള്ള പുരസ്കാരങ്ങളും മന്ത്രി സമ്മാനിച്ചു.

മന്ത്രി ആർ ബിന്ദു, മേയർ ആര്യ രാജേന്ദ്രൻ, ഡി സുരേഷ് കുമാർ, സുഭാഷിണി അലി, പി കെ ശ്രീമതി, ശാരദ മുരളീധരൻ, ഡോ. ഷർമിള മേരി ജോസഫ്, കെ വാസന്തി തുടങ്ങിയവർ സംസാരിച്ചു.

കുടുംബശ്രീയുടെ ആദ്യ ഡിജിറ്റൽ റേഡിയോ 'റേഡിയോ ശ്രീ'യുടെ സ്വിച്ച് ഓൺ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മേയർ ആര്യ രാജേന്ദ്രൻ, മന്ത്രിമാരായ ആർ ബിന്ദു, വി ശിവൻകുട്ടി, എം ബി രാജേഷ്, ആന്റണി രാജു, ജി ആർ അനിൽ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, സുഭാഷിണി അലി, പി കെ ശ്രീമതി എന്നിവർ സമീപം

## സ്ത്രീകൾക്ക് കൈവന്നത് ആത്മാഭിമാനത്തിന്റെ കരുത്ത്

കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ശിൽപ്പി പാലോളി മുഹമ്മദ്കുട്ടി സംസാരിക്കുന്നു

സി രാമൻകുട്ടി

മണ്ണാർക്കാട്

'സ്ത്രീകളെ സംഘടിപ്പിച്ച് എന്തു നേടുമെന്ന പരിഹാസത്തിന്, കേരള വികസനമുന്നേറ്റത്തിൽ കുടുംബശ്രീ പ്രവർത്തകർ വഹിക്കുന്ന പങ്കുതന്നെയാണ് മറുപടി. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിന് ഒട്ടേറെ ശ്രമം ഓരോ കാലഘട്ടത്തിലും നടത്തിയിട്ടുണ്ട്. എന്നാൽ, കുടുംബശ്രീയിലൂടെ നേടാൻ കഴിഞ്ഞ അളവിൽ സ്ത്രീ മുന്നേറ്റം മറ്റൊന്നിനും സാധിച്ചിട്ടില്ല. കുടുംബശ്രീ പ്രവർത്തകർക്ക് കൈവയ്ക്കാൻ പറ്റാത്ത ഒരു മേഖലയും ഇല്ലെന്ന് 25 വർഷത്തെ അനുഭവം സാക്ഷ്യം.'– ഗ്രാമവികസന വകുപ്പ് നടപ്പാക്കിയ കുടുംബശ്രീ പ്രസ്ഥാനം 25–ാം വർഷത്തിലെത്തുമ്പോൾ അതിന്റെ ശിൽപ്പി പാലോളി മുഹമ്മദ്കുട്ടിയുടെ വാക്കുകൾക്ക് അഭിമാനത്തിന്റെ നിറവ്.

ഇ എം എസ് വിഭാവനം ചെയ്ത ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കകാലത്ത് സംസ്ഥാന വികസന പദ്ധതികൾ സംബന്ധിച്ച് ചർച്ച നടക്കുമ്പോൾ ഡോ. ടി എം തോമസ് ഐസക് ഉൾപ്പെടെയുള്ളവരുടെ നിർദേശങ്ങളിൽനിന്നാണ് കുടുംബശ്രീ പ്രസ്ഥാനം രൂപീകരിച്ചത്.

വാജ്പേയി പ്രധാനമന്ത്രിയായി ചുമതലയേറ്റ ഘട്ടത്തിലാണ് കുടുംബശ്രീ സംവിധാനം മലപ്പുറത്ത് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടന പ്രസംഗശേഷം വേദിയിൽ കുടുംബശ്രീയെക്കുറിച്ച് വിശദീകരിക്കുകയും ഗ്രാമവികസന മന്ത്രി എന്ന നിലയിൽ പ്രധാനമന്ത്രിയോട് ഞാൻ സഹായം അഭ്യർഥിക്കുകയും ചെയ്തു.

എത്രവേണമെന്നാണ് പ്രധാനമന്ത്രി തിരികെ ചോദിച്ചത്. ഒരാഴ്ച കഴിഞ്ഞപ്പോൾ ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രസർക്കാർ 96 കോടി രൂപ അനുവദിച്ചു. ഇതാണ് കുടുംബശ്രീക്ക് ലഭിച്ച പ്രാരംഭ ഫണ്ട്.

പുരുഷമേധാവിത്വ സമൂഹത്തിലാണ് പരമ്പരാഗതമായി സ്ത്രീകൾ ജീവിക്കുന്നത്. എന്നാൽ, കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ സമൂഹത്തിൽ നടക്കുന്ന എല്ലാത്തിലും സജീവമായി ഇടപെടാനും അതിന്റെ ഭാഗമാകാനും സ്ത്രീകൾക്ക് കഴിഞ്ഞു. സ്ത്രീകൾക്ക് ആത്മവിശ്വാസവും ആത്മാഭിമാനവും പകർന്നു നൽകുന്നതിൽ നിർണായകമായി പ്രസ്ഥാനം. ആരംഭിച്ച് ഒരു വർഷം പിന്നിട്ടപ്പോൾ ഒരു സംഘം കുടുംബശ്രീ അംഗങ്ങൾ മന്ത്രിയായ തന്നെ വീട്ടിൽവന്ന് കണ്ട് ഒരു ഷർട്ട് സമ്മാനിച്ച് അത്ഭുതപ്പെടുത്തിയത് ഇപ്പോഴും ഹൃദയമായ ഓർമയാണ്–പാലോളി പറഞ്ഞു.

## വാസന്തിയമ്മയ്ക്ക് ഇരട്ടികൈയടി

തിരുവനന്തപുരം

തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ബുധൻ വൈകിട്ട് നടന്ന കുടുംബശ്രീ രജതജൂബിലി ആഘോഷസമാപനത്തിൽ താരമായത് സ്വാഗതം ആശംസിക്കാനെത്തിയ കെ വാസന്തിയാണ്. പതിനായിരങ്ങളുടെ കൈയടിയായിരുന്നു വാസന്തിയമ്മയുടെ ശക്തി. കുടുംബശ്രീയുടെ തലമുതിർന്ന അംഗം, 76 കാരി വാസന്തി 46 ലക്ഷം പേരിൽ നിന്ന് വ്യത്യസ്തയാകുന്നത് ഇങ്ങനെയാണ്. കൊല്ലം കോർപറേഷനിലെ അഞ്ചാലുംമൂട് ഡിവിഷനിലെ ജനതാ കുടുംബശ്രീയംഗമാണ് വാസന്തി.

പതിനഞ്ച് വർഷമായി വൈക്കോൽകൊണ്ട് ചിത്രങ്ങൾ രൂപീകരിച്ച് വിൽക്കുന്ന ഒരു സംരംഭക കൂടിയാണ് ഈ എഴുപത്താറുകാരി. '46 ലക്ഷംപേരിൽ നിന്ന് ഈ വേദിയിൽ നിൽക്കാൻ എന്നെ തെരഞ്ഞെടുത്തതിൽ അഭിമാനമുണ്ട്. കുടുംബശ്രീയോട് നന്ദി മാത്രം'– വാസന്തി വാക്കുകൾ തുടങ്ങിയത് ഇങ്ങനെ.

ചടങ്ങിന് നന്ദി പറഞ്ഞത് കോഴിക്കോട് മരുതോങ്കര സിഡിഎസിലെ കൃഷ്ണ ബാലസഭാംഗവുമായ കാദംബരി വിനോദായിരുന്നു. തലമുറകളുടെ സംഗമം കൂടിയായിരുന്നു കുടുംബശ്രീയുടെ രജതജൂബിലി സമാപനം.

## പുതിയ പാഠങ്ങൾ പഠിച്ച് ചുമടെടുക്കുന്നവർ

എം വി പ്രദീപ്

തിരുവനന്തപുരം

ചുമട് എടുക്കുന്നവരും തൊഴിൽ നൽകുന്നവരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾക്ക് ഇനി സ്ഥാനമില്ല. തൊഴിലാളികളെ സംശയത്തോടെ നോക്കുന്ന രീതിക്ക് വിരാമമിടാനുള്ള നടപടി തുടങ്ങി. തങ്ങളെ സമീപിക്കുന്നവരെ മുൻവിധിയോടെ വിലയിരുത്താതെ തൊഴിലെടുക്കാൻ ചുമട്ടുതൊഴിലാളികൾ പഠിക്കുകയാണ്. സാധാരണ സാമഗ്രികൾ, അതിവേഗത്തിൽ എത്തിക്കേണ്ടവ, പ്രത്യേക താപനിലയിൽ സൂക്ഷിക്കേണ്ടവ, പൊട്ടിപ്പോകാതെ സംരക്ഷിക്കേണ്ടവ, ഇൻഷുറൻസ് ഉള്ളവ... ഇങ്ങനെ സമഗ്രവിവരങ്ങളും പഠിച്ച് പെരുമാറ്റത്തിലും തൊഴിലിലും അറിവ് നേടിയായിരിക്കും ഇനി തൊഴിലിനിറങ്ങുക. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) നേതൃത്വത്തിലാണ് ചുമട്ടുതൊഴിൽ മേഖലയിൽ കാലഘട്ടത്തിനനുസരിച്ച് പ്രൊഫഷണിലസത്തോടെ തൊഴിലെടുക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം ആരംഭിച്ചത്.

നൈപുണ്യ വികസനത്തിനും വ്യക്തിത്വ വികസനത്തിനും തുല്യ പ്രാധാന്യം നൽകിയാണ് പരിശീലനം. ആവശ്യമുണ്ടെങ്കിലേ അഭിപ്രായത്തിന് മുതിരൂ. തർക്കങ്ങളിൽ ഏർപ്പെട്ട് അധിക്ഷേപത്തിന്റെ ഇരകളാക്കാനും ഇനി ചുമട്ടുതൊഴിലാളികളെ കിട്ടില്ല. ആദ്യഘട്ടമായി 45ന് താഴെയുള്ള 1000 തൊഴിലാളികൾക്കാണ് പരിശീലനം. പൂർത്തീകരിക്കുന്നവർക്ക് 'സ്കിൽ ഇന്ത്യ' സർട്ടിഫിക്കറ്റ് നൽകും. കേരളത്തിലെ മുഴുവൻ തൊഴിലാളികൾക്കും ഈ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ പരിശീലനം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. തൊഴിലാളികൾക്ക് ഗുണകരമാകും വിധത്തിൽ ചുമട്ടു തൊഴിൽ മേഖലയിൽ നിയമഭേദഗതി കൊണ്ടുവരുമെന്ന് മന്ത്രി പറഞ്ഞു. കിലെ ചെയർമാൻ കെ എൻ ഗോപിനാഥ് അധ്യക്ഷനായി. എക്സിക്യൂട്ടീവ് ഡയറക്ടർ സുനിൽ തോമസ്, ജാസ്മി ബീഗം, ആർ രാമചന്ദ്രൻ, എസ് ശ്രീലാൽ, എൻ സുന്ദരംപിള്ള, പി എസ് നായിഡു, കെ ജയകുമാർ, ജെ എൻ കിരൺ എന്നിവർ സംസാരിച്ചു.

ചുമട്ടുതൊഴിലാളികൾക്കുള്ള പരിശീലനം ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

epaper.deshabhimani.com